**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4975** **11-08-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ സൗജന്യ കോവിഡ് ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ആശുപത്രികളിൽ ഒ.പി. , ഐ. പി. വിഭാഗങ്ങളിൽ ചികിത്സ തേടുന്നവർക്ക് കോവിഡ് ചികിത്സ സൗജന്യമാണോ; പ്രസ്തുത രോഗികളിൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ഭാഗമല്ലാത്തവർക്ക് കോവിഡ് രോഗനിർണയം , ചികിത്സ തുടങ്ങി ഏതൊക്കെ വിഭാഗങ്ങളിലാണ് സൗജന്യം അനുവദിച്ചിട്ടുള്ളത്; | (എ) | എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും കോവിഡ് ടെസ്റ്റിംഗ്, ചികിത്സ, വാക്സിനേഷൻ എന്നിവ സൗജന്യമായാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. കൂടാതെ രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിന് വേണ്ട ആംബുലൻസ് സൗകര്യം സർക്കാർ സൗജന്യമായി ലഭ്യമാക്കി വരുന്നു. |
| (ബി) | സർക്കാർ ആശുപത്രികളിലെ പ്രസ്തുത ചികിത്സയ്ക്ക് കേന്ദ്ര ധനസഹായം ലഭിക്കുന്നുണ്ടോയെന്നും ഏതൊക്കെ ഇനങ്ങളിൽ എത്ര രൂപ വീതം ആണ് ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | കോവിഡ് ചികിത്സ നൽകുന്നതിലേയ്ക്കായി കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്. 648.17 കോടി രൂപയാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചത്. ഇതുകൂടാതെ 176 കോടി NHM ഫണ്ട് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനായി കേന്ദ്രം അനുമതി നൽകിയിട്ടുണ്ട്. ഇതുവരെ 702.39 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | കോവിഡ് ചികിത്സയിൽ സർക്കാർ ആശുപത്രികളിലെ ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റികൾ മുഖേന ലഭ്യമാക്കാവുന്ന സൗകര്യങ്ങൾ എന്തൊക്കെയാണ്; | (സി) | ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റികൾ മുഖേന ലഭ്യമാക്കാവുന്ന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു. I. അതാത് ആശുപത്രികളിൽ താൽക്കാലിക ജീവനക്കാരുടെ നിയമനം. II. കോവിഡ് ചികിത്സയ്ക്ക് ആവശ്യമായി വരുന്ന മരുന്നുകളും ഉപകരണങ്ങളും നൽകുന്നതിന് സഹായിക്കുന്നു. |
| (ഡി) | പ്രസ്തുത കമ്മിറ്റികൾ വഹിക്കുന്ന ചുമതലകളും ഇവയുടെ പ്രവർത്തനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; പ്രസ്തുത കമ്മിറ്റികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | 2010 ജൂൺ 22-ാം തീയതിയിലെ കേരള ഗസറ്റ് അസാധാരണ നം. 1412-ൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനവും സർക്കാർ ഉത്തരവുകളും അനുസരിച്ചാണ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ പ്രവർത്തിക്കുന്നത്. പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഇ) | പ്രസ്തുത കമ്മിറ്റിയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഇവർക്ക് കോവിഡ് | (ഇ) | 2010 ജൂൺ 22-ാം തീയതിയിലെ കേരള ഗസറ്റ് അസാധാരണ നം. 1412-ൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനവും സർക്കാർ ഉത്തരവുകളും അനുസരിച്ചാണ് ഹോസ്പിറ്റൽ മാനേജ്മെന്റ് |

| | | | |
|---|---|---|---|
| | ചികിത്സയുമായി ബന്ധപ്പെട്ട് പരിശീലനങ്ങൾ നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ ? | | കമ്മിറ്റികൾ പ്രവർത്തിക്കുന്നത്. പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ക്രമ നം. | **പ്രവർത്തനങ്ങൾ** | **തുക (കോടിയിൽ)** |
|---|---|---|
| 1 | രോഗനിർണ്ണയം, Sample transport | 100.9293 |
| 2 | മരുന്നുകൾ, അനുബന്ധ സാമഗ്രികൾ, മാസ്ക്, PPE KITS | 194.1829 |
| 3 | രോഗികൾക്കായുള്ള ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും | 55.8641 |
| 4 | കോവിഡിനായി നിയമിച്ച ആരോഗ്യപ്രവർത്തകരുടെ ശമ്പളം | 269.3163 |
| 5 | പ്രതിരോധ പ്രവർത്തനങ്ങളും യാത്രാ ചെലവുകളും | 20.6854 |
| 6 | വിവര സാങ്കേതിക വിദ്യ Hardware/software | 2.758 |
| 7 | ബോധവൽക്കരണ പരിപാടികൾ | 16.546 |
| 8 | പരിശീലന പരിപാടികൾ | 0.4352 |
| 9 | മറ്റു ചെലവുകൾ | 41673 |
| | **ആകെ തുക** | **702.3902** |

©
Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
### PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LV<br>വാല്യം 55 | Thiruvananthapuram,<br>Tuesday<br>തിരുവനന്തപുരം,<br>ചൊവ്വ | 22nd June 2010<br>2010 ജൂൺ 22<br>1st Ashadha 1932<br>1932 ആഷാഢം 1 | No.<br>നമ്പർ 1412 |


## കേരള സർക്കാർ

### തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (എംഎസ്.) നമ്പർ 125/2010/തസ്വഭവ. തിരുവനന്തപുരം, 2010 ജൂൺ 15.

എസ്. ആർ. ഒ. നമ്പർ 598/2010.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 173 എ വകുപ്പിനോട് 254-ാം വകുപ്പ് (1)-ാം ഉപവകുപ്പ് കൂട്ടി വായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2003 ആഗസ്റ്റ് 27-ാം തീയതിയിലെ സ. ഉ. (പി) നമ്പർ 259/2003/തസ്വഭവ എന്ന വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 2003 ആഗസ്റ്റ് 29-ാം തീയതിയിലെ 1655-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 837/2003 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2003-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ അതിലംഘിച്ചുകൊണ്ട്, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

### ചട്ടങ്ങൾ

1. പുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(i) "ആക്റ്റ്" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) എന്നർത്ഥമാകുന്നു;

(ii) "മാനേജിംഗ് കമ്മിറ്റി" എന്നാൽ ഒരു പൊതുജനാരോഗ്യ സ്ഥാപനത്തിനു വേണ്ടി 3-ാം ചട്ടപ്രകാരം രൂപീകരിച്ച ഒരു കമ്മിറ്റി എന്നർത്ഥമാകുന്നു;

(iii) "പഞ്ചായത്ത്" എന്നാൽ ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമ പഞ്ചായത്ത് അല്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്ത് അല്ലെങ്കിൽ ജില്ലാ പഞ്ചായത്ത് എന്നർത്ഥമാകുന്നു;

(iv) "പൊതുജനാരോഗ്യ സ്ഥാപനം" എന്നാൽ ആക്റ്റിലെ മൂന്നും നാലും അഞ്ചും പട്ടികകൾ പ്രകാരം, യഥാക്രമം ഗ്രാമപഞ്ചായത്തിനും, ബ്ലോക്ക് പഞ്ചായത്തിനും, ജില്ലാ പഞ്ചായത്തിനും നൽകപ്പെട്ട ചുമതലകൾ നിറവേറ്റുന്നതിനായി 166-ാം വകുപ്പ് (6)-ഉം (7)-ഉം ഉപ വകുപ്പുകൾ പ്രകാരമോ 172-ാം വകുപ്പ് (5)-ഉം (6)-ഉം ഉപ വകുപ്പുകൾ പ്രകാരമോ 173-ാം വകുപ്പ് (5)-ഉം (6)-ഉം ഉപവകുപ്പുകൾ പ്രകാരമോ സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്തു കിട്ടിയതായ അതത് പഞ്ചായത്തിന് ഭരണ ചുമതലയുള്ളതുമായ, ഏതെങ്കിലും അംഗീകൃത ചികിത്സാസമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ രോഗികൾക്ക് ചികിത്സ നൽകുന്ന ഡിസ്പെൻസറി, പ്രാഥമികാരോഗ്യകേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി അഥവാ മറ്റേതെങ്കിലും പ്രത്യേക തരത്തിലുള്ള ഒരു ആശുപത്രി എന്നർത്ഥമാകുന്നു;

(v) "വകുപ്പ്" എന്നാൽ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും, പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്റ്റിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. മാനേജിംഗ് കമ്മിറ്റിയുടെ രൂപീകരണം.—(1) ഓരോ പഞ്ചായത്തും, പ്രസ്തുത പഞ്ചായത്തിന് സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്തുകിട്ടിയ ഒരു പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ ശരിയായ പരിപാലനം, ആസൂത്രിതവികസനം, പ്രസ്തുത സ്ഥാപനം മുഖേന മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യൽ എന്നീ കാര്യങ്ങൾ നോക്കി നടത്തുന്നതിലേക്കായി ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കവിയാത്ത ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപചട്ടപ്രകാരം രൂപീകരിക്കുന്ന മാനേജിംഗ് കമ്മിറ്റിയിൽ താഴെ പറയുന്നവർ അംഗങ്ങളായിരിക്കേണ്ടതാണ്, അതായത്:—

(i) പഞ്ചായത്ത് പ്രസിഡന്റ്;

(ii) പഞ്ചായത്തിലെ പൊതുജനാരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ;

(iii) പഞ്ചായത്തിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ;

(iv) പഞ്ചായത്തിലെ പൊതുമരാമത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ;

(v) പൊതുജനാരോഗ്യസ്ഥാപനം സ്ഥിതിചെയ്യുന്നത് ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്താണെങ്കിൽ പഞ്ചായത്തിൽ ആ പ്രദേശത്തെ പ്രതിനിധീകരിക്കുന്ന അംഗം, (പ്രസ്തുത അംഗം (i)-ാം ഖണ്ഡത്തിൽ പരാമർശിക്കുന്ന ഒരു പഞ്ചായത്ത് പ്രസിഡന്റോ (ii) ഉം (iii) ഉം (iv) ഉം ഖണ്ഡങ്ങളിൽ പരാമർശിക്കുന്ന ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനോ അല്ലാത്തപക്ഷം);

(vi) പൊതുജനാരോഗ്യസ്ഥാപനത്തിന്റെ മരാമത്ത് പണികളുടെ ചുമതലയുള്ള, തദ്ദേശസ്വയംഭരണ വകുപ്പ് നിയോഗിച്ച എഞ്ചിനീയർ;

(vii) പൊതുജനാരോഗ്യസ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ വൈദ്യുതി വിതരണത്തിന്റെ ചുമതലയുള്ള, സംസ്ഥാന വൈദ്യുതി ബോർഡിലെ എഞ്ചിനീയർ;

(viii) പൊതുജനാരോഗ്യസ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ശുദ്ധജല വിതരണത്തിന്റെ ചുമതലയുള്ള, കേരള ജല അതോറിറ്റിയിലെ എഞ്ചിനീയർ;

<u>കുറിപ്പ്</u>:—(vi), (vii), (viii) എന്നീ ഖണ്ഡങ്ങളിൽ പരാമർശിക്കുന്ന എഞ്ചിനീയർ, ഒരു ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്തയാളും, ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്തയാളും ഒരു ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്തയാളും ആയിരിക്കേണ്ടതാണ്.

കമ്മിറ്റിയിലെ ആകെ അംഗങ്ങളുടെ എണ്ണം 173 എ വകുപ്പിൽ പറഞ്ഞിട്ടുള്ള 15-ൽ കവിയാൻ പാടില്ല.

(ix) ഒരു പൊതുജനാരോഗ്യസ്ഥാപനത്തെ സംബന്ധിച്ച ഭരണപരമായ പ്രവർത്തനങ്ങളിലും, പൊതുജനാരോഗ്യ പ്രവർത്തനങ്ങളിലും പരിചയവും താൽപ്പര്യവും, സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും ഉള്ള, അതത് പഞ്ചായത്ത് പ്രദേശത്ത്, അല്ലെങ്കിൽ സമീപപ്രദേശത്ത്, അല്ലെങ്കിൽ പൊതുജനാരോഗ്യസ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് താമസിക്കുന്നവരിൽ നിന്നും പഞ്ചായത്ത് ഏകകണ്ഠമായി തീരുമാനിച്ച് നാമനിർദ്ദേശം ചെയ്യുന്ന മൂന്നിൽ കവിയാത്ത വ്യക്തികൾ;

(x) പൊതുജനാരോഗ്യസ്ഥാപനത്തിലെ പ്രധാന മെഡിക്കൽ ആഫീസർ;

(xi) പൊതുജനാരോഗ്യസ്ഥാപനത്തിലെ പ്രധാന മെഡിക്കൽ ആഫീസർക്ക് തൊട്ട് താഴെ തലത്തിൽ മെഡിക്കൽ ആഫീസർ ഉണ്ടെങ്കിൽ പ്രസ്തുത മെഡിക്കൽ ആഫീസർ;

(xii) ഒരു ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ, പൊതുജനാരോഗ്യസ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ, ബ്ലോക്ക് പഞ്ചായത്തിലും ജില്ലാ പഞ്ചായത്തിലും പ്രതിനിധീകരിക്കുന്ന അംഗങ്ങൾ;

(xiii) ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ, പൊതുജനാരോഗ്യ സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശം ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റും പ്രസ്തുത പ്രദേശത്തെ, ജില്ലാ പഞ്ചായത്തിലും, ഗ്രാമ പഞ്ചായത്തിലും പ്രതിനിധീകരിക്കുന്ന അംഗങ്ങളും;

(xiv) ഒരു ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ, പൊതുജനാരോഗ്യസ്ഥാപനം സ്ഥിതിചെയ്യുന്നത് ഗ്രാമപഞ്ചായത്ത് പ്രദേശത്താണെങ്കിൽ, പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റും പ്രസ്തുത പ്രദേശത്തെ, ബ്ലോക്ക് പഞ്ചായത്തിലും ഗ്രാമപഞ്ചായത്തിലും പ്രതിനിധീകരിക്കുന്ന അംഗങ്ങളും.

(3) പഞ്ചായത്ത് പ്രസിഡന്റ് മാനേജിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സണും, പൊതുജനാരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ അതിന്റെ വൈസ് ചെയർപേഴ്സണും, പൊതുജനാരോഗ്യ സ്ഥാപനത്തിലെ പ്രധാന മെഡിക്കൽ ആഫീസർ അതിന്റെ മെമ്പർ-സെക്രട്ടറിയും ആയിരിക്കുന്നതാണ്.

(4) പഞ്ചായത്ത് തീരുമാനപ്രകാരം മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് പഞ്ചായത്തിന്റെ എക്സ്-ഒഫീഷ്യോ സെക്രട്ടറി കൂടിയായ പ്രധാന മെഡിക്കൽ ആഫീസർ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അതിന്റെ പകർപ്പ് എല്ലാ അംഗങ്ങൾക്കും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർക്കും നൽകേണ്ടതും പകർപ്പ് പഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും, പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. മാനേജിംഗ് കമ്മിറ്റിയിൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട അംഗങ്ങളുടെ സ്ഥാനത്തുണ്ടാകുന്ന ഒഴിവുകൾ മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനോ, മാനേജിംഗ് കമ്മിറ്റിയുടെ യോഗങ്ങൾ വിളിച്ചു കൂട്ടുന്നതിനോ തടസ്സമായിരിക്കുന്നതല്ല.

(5) ഒരിക്കൽ രൂപീകരിക്കപ്പെട്ട മാനേജിംഗ് കമ്മിറ്റിയുടെ കാലാവധി അതത് പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധി തീരുന്ന മുറയ്ക്ക് അവസാനിക്കുന്നതാണ്.

(6) മാനേജിംഗ് കമ്മിറ്റിയിൽ അംഗമായ ഒരു പഞ്ചായത്തംഗം പഞ്ചായത്ത് കമ്മിറ്റിയിൽ തന്റെ സ്ഥാനം ഒഴിയുന്ന മുറയ്ക്ക് മാനേജിംഗ് കമ്മിറ്റിയിൽ അംഗമല്ലാതായിത്തീരുന്നതും അയാൾക്ക് പകരം പഞ്ചായത്തിൽ പ്രസ്തുത സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ആൾ മാനേജിംഗ് കമ്മിറ്റിയിൽ അംഗമായി തീരുന്നതും യഥാസ്ഥാനം വഹിക്കുന്നതുമാണ്.

(7) മാനേജിംഗ് കമ്മിറ്റിയിലെ ഒരു അംഗം, ചെയർപേഴ്സന്റെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ അതിന്റെ തുടർച്ചയായ മൂന്നു യോഗങ്ങളിൽ ഹാജരാകാതിരിക്കുന്ന പക്ഷം, മാനേജിംഗ് കമ്മിറ്റിയിലെ അയാളുടെ അംഗത്വം ഒഴിഞ്ഞതായി കരുതപ്പെടുന്നതാണ്.

(8) മാനേജിംഗ് കമ്മിറ്റിയിലെ ഒരു അംഗം, സ്വയം രാജിവയ്ക്കുകയോ, പാപ്പരായി പ്രഖ്യാപിക്കപ്പെടുകയോ, സാന്മാർഗിക ദൂഷ്യം ഉൾപ്പെട്ട ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെടുകയോ, ചെയ്താൽ മാനേജിംഗ് കമ്മിറ്റിയിലെ അയാളുടെ അംഗത്വം അവസാനിച്ചതായി കരുതപ്പെടുന്നതാണ്.

(9) (7)-ഠ (8)-ഠ ഉപചട്ടങ്ങൾ പ്രകാരം മാനേജിംഗ് കമ്മിറ്റിയിലെ ഒരാളുടെ അംഗത്വം ഇല്ലാതാകുന്ന സംഗതിയിൽ, ആ വിവരം മെമ്പർ സെക്രട്ടറി പ്രസ്തുത വ്യക്തിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.

(10) മാനേജിംഗ് കമ്മിറ്റിയിൽ നാമനിർദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ സ്ഥാനത്തുണ്ടാകുന്ന ഒഴിവുകൾ, യഥാസമയം പുതിയ അംഗങ്ങളെ പഞ്ചായത്ത് തീരുമാനപ്രകാരം നാമനിർദ്ദേശം ചെയ്ത് നികത്തേണ്ടതാണ്.

(11) മാനേജിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ,—

(i) പൊതുജനാരോഗ്യസ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ലോകസഭാംഗം;

(ii) പൊതുജനാരോഗ്യസ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗം;

(iii) ദേശീയ രാഷ്ട്രീയ കക്ഷികളുടെ ഓരോ പ്രതിനിധി വീതം;

(iv) ദേശീയ രാഷ്ട്രീയ കക്ഷികളിൽ ഉൾപ്പെടാത്തതും, എന്നാൽ കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ളതുമായ മറ്റ് രാഷ്ട്രീയ കക്ഷികളുടെ ഓരോ പ്രതിനിധി വീതം;

(v) സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരം മാനേജിംഗ് കമ്മിറ്റിയിൽ ഉൾപ്പെടുത്തപ്പെടുന്നവർ എന്നിവർക്ക് പുറമേ

(എ) ഒരു ഗ്രാമപഞ്ചായത്തിന്റെ സംഗതിയിൽ,—

(i) കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി ചെയർപേഴ്സൺ;

(ii) സംയോജിത ശിശുവികസന പദ്ധതിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ;

(iii) ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവരും;

(ബി) ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ സംഗതിയിൽ,—

(i) സംയോജിത ശിശുവികസന പദ്ധതി പ്രോജക്ട് ആഫീസർ;

(ii) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവരും;

(സി) ഒരു ജില്ലാ. പഞ്ചായത്തിന്റെ സംഗതിയിൽ,—

(i) ജില്ലാ മെഡിക്കൽ ആഫീസർ;

(ii) കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ;

(iii) ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവരും; സ്ഥിരം ക്ഷണിതാക്കളായിരിക്കുന്നന്നതാണ്.

(12) (11)-ാം ഉപചട്ടത്തിൽ (iii)-ം (iv)-ം ഖണ്ഡങ്ങളനുസരിച്ച് രാഷ്ട്രീയ കക്ഷികൾക്ക് പ്രാതിനിധ്യം നൽകുവാനായി, സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും ഉള്ളയാളും ജില്ലാ പഞ്ചായത്തിന്റെ സംഗതിയിൽ അതത് ജില്ലയിലെ താമസക്കാരനും ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുടെ സംഗതിയിൽ അതത് പഞ്ചായത്ത് പ്രദേശത്ത് താമസക്കാരനുമായ ഒരു വ്യക്തിയെ ശുപാർശ ചെയ്യുവാൻ അതത് രാഷ്ട്രീയ കക്ഷിയുടെ ജില്ലാ പ്രസിഡന്റിനോട് അഥവാ ജില്ലാ സെക്രട്ടറിയോട് പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെടേണ്ടതും, അപ്രകാരം രാഷ്ട്രീയ കക്ഷികൾ ശുപാർശ ചെയ്യുന്ന ഓരോ വ്യക്തിയെ വീതം മാനേജിംഗ് കമ്മിറ്റി യോഗങ്ങളിലേക്ക് സ്ഥിരം ക്ഷണിതാക്കളായി പഞ്ചായത്ത് നിശ്ചയിക്കേണ്ടതുമാണ്.

(13) മാനേജിംഗ് കമ്മിറ്റി യോഗങ്ങളിൽ സ്ഥിരം ക്ഷണിതാക്കൾക്ക്, വോട്ടവകാശം ഒഴികെ കമ്മിറ്റിയിലെ ഏതൊരു അംഗത്തിനും ഉള്ള അവകാശങ്ങളുണ്ടായിരിക്കുന്നതാണ്.

(14) മാനേജിംഗ് കമ്മിറ്റിക്ക് ആവശ്യമായ സന്ദർഭങ്ങളിൽ സബ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

4. മാനേജിംഗ് കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും.—(1) മാനേജിംഗ് കമ്മിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതാത്:—

(i) അതത് സംഗതി പോലെ ഒരു ഡിസ്പെൻസറിക്കോ, പ്രാഥമികാരോഗ്യ കേന്ദ്രത്തിനോ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനോ താലൂക്ക് ആശുപത്രിക്കോ ജില്ലാ ആശുപത്രിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രത്യേക തരത്തിലുള്ള ആശുപത്രിക്കോ നിശ്ചയിക്കപ്പെട്ടിട്ടുള്ള നിലവാരത്തിൽ കുറയാതെയുള്ള ഭൗതിക സൗകര്യങ്ങളും സേവനങ്ങളും പഞ്ചായത്തിന് ഭരണ ചുമതലയുള്ള പൊതുജനാരോഗ്യ സ്ഥാപനത്തിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ ശുപാർശകൾ പഞ്ചായത്തിന് നൽകുക;

(ii) പൊതുജനാരോഗ്യസ്ഥാപനത്തിലെ മരാമത്ത് പണികൾ, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ഉപകരണങ്ങളും സാമഗ്രികളും ലഭ്യമാക്കലും അവയുടെ അറ്റകുറ്റപ്പണികളും, ശുദ്ധജല വിതരണം, വൈദ്യുതോപകരണങ്ങൾ ലഭ്യമാക്കലും അവയുടെ അറ്റകുറ്റപ്പണികളും, ശുചീകരണ പ്രവർത്തനങ്ങൾ, രോഗികൾക്കും അവരുടെ സഹായികൾക്കും അവരെ സന്ദർശിക്കുന്നവർക്കും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയ്ക്ക് മേൽനോട്ടം വഹിക്കുക;

(iii) പൊതുജനാരോഗ്യസ്ഥാപനത്തെ സംബന്ധിച്ച് പഞ്ചവത്സര-വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പഞ്ചായത്തിന് സമർപ്പിക്കുക;

(iv) മാനേജിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായ ചുമതലകളുടെ നിർവഹണത്തിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുകയും ചട്ടങ്ങൾ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം അതിൽ നിന്ന് തുക ചെലവിടുകയും ചെയ്യുക;

(v) പൊതുജനാരോഗ്യസ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തി പഞ്ചായത്തിനും ജില്ലാ മെഡിക്കൽ ആഫീസർക്കും റിപ്പോർട്ട് നൽകുക;

(vi) പൊതുജനാരോഗ്യസ്ഥാപനത്തെ സംബന്ധിച്ച പൗരാവകാശ രേഖ പാലിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തുകയും ഇക്കാര്യത്തിൽ പഞ്ചായത്തിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ആവശ്യമെങ്കിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 272 എ വകുപ്പ് പ്രകാരമുള്ള പൗരാവകാശ രേഖ പുതുക്കി തയ്യാറാക്കുന്നതിന് പഞ്ചായത്തിന് ശുപാർശ നൽകുകയും ചെയ്യുക

(2) പൊതുജനാരോഗ്യസ്ഥാപനത്തിന്റെ മാനേജിംഗ് കമ്മിറ്റി താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതാത്:—

(i) പൊതുജനാരോഗ്യസ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ രോഗികളും പൊതുജനങ്ങളും നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുക;

(ii) അതത് തലത്തിലുള്ള പൊതുജനാരോഗ്യസ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായി വരുന്ന ഉപകരണങ്ങൾ, സാധന സാമഗ്രികൾ, ഫർണിച്ചർ, മരുന്നുകൾ, ചികിത്സാ സംബന്ധമായി ആവശ്യമുള്ള മറ്റ് വസ്തുക്കൾ എന്നിവ വിലയ്ക്ക് വാങ്ങിയോ, സംഭാവനയായി സ്വീകരിച്ചോ, മറ്റ് വിധത്തിലോ ലഭ്യമാക്കുക;

(iii) പൊതുജനാരോഗ്യസ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി ഉന്നയിക്കപ്പെടുന്ന ആവലാതികൾ പരിശോധിക്കുകയും അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക;

(iv) പൊതുജനാരോഗ്യസ്ഥാപനവുമായി ബന്ധപ്പെട്ട ഫീൽഡ് തല ജീവനക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും അവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക;

(v) പൊതുജനാരോഗ്യസ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ ക്രമക്കേടും അഴിമതിയും തടയാൻ ജാഗ്രത പാലിക്കുക;

(vi) സാമ്പത്തിക കാര്യങ്ങൾ ഉൾപ്പെടെയുള്ള പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുക;

(vii) പൊതുജനാരോഗ്യസ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പൊതുജന സഹകരണം പ്രോത്സാഹിപ്പിക്കുക;

(viii) മാതൃ-ശിശു സംരക്ഷണ പ്രവർത്തനങ്ങൾ, ഫീൽഡ്തല ആരോഗ്യ പ്രവർത്തനങ്ങൾ, പരിസര ശുചീകരണ പ്രവർത്തനങ്ങൾ, രോഗ നിർണ്ണയ ചികിത്സാ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക;

(ix) ആശുപത്രി മാലിന്യങ്ങളും മറ്റ് ബയോ-മെഡിക്കൽ മാലിന്യങ്ങളും ശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ സഹായം നൽകുക;

(x) ആവശ്യമെങ്കിൽ, പൊതുജനാരോഗ്യസ്ഥാപനത്തോടനുബന്ധിച്ച് ക്യാന്റീൻ, ന്യായവില മെഡിക്കൽസ്റ്റോർ, ലബോറട്ടറി, പാൽബൂത്ത്, ടെലിഫോൺ ബൂത്ത് തുടങ്ങിയവ പ്രവർത്തിപ്പിക്കാൻ സൗകര്യമൊരുക്കുകയോ നേരിട്ട് നടത്തുകയോ ചെയ്യുക;

(xi) രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമായി അധിക സൗകര്യങ്ങൾ ലഭ്യമാക്കുക;

(xii) പൊതുജനാരോഗ്യസ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ സാമൂഹ്യ ആഡിറ്റ് നടത്തുന്നതിന് ഏർപ്പാടാക്കുക.

5. മാനേജിംഗ് കമ്മിറ്റി യോഗങ്ങളുടെ നടപടിക്രമം.—(1) മാനേജിംഗ് കമ്മിറ്റി നിലവിൽ വന്നുകഴിഞ്ഞാൽ അതിന്റെ ആദ്യയോഗം ഒരു മാസത്തിനകവും, തുടർന്നുള്ള യോഗങ്ങൾ മൂന്നു മാസത്തിലൊരിക്കലും (കഴിയുന്നതും ഒരു നിശ്ചിത ദിവസം), ഇടയ്ക്കുള്ള കാലയളവിലെ യോഗങ്ങൾ ആവശ്യാനുസരണവും, ചെയർപേഴ്സണുമായി ആലോചിച്ച് മെമ്പർ-സെക്രട്ടറി വിളിച്ചു കൂട്ടേണ്ടതാണ്.

(2) മാനേജിംഗ് കമ്മിറ്റി യോഗത്തിന്റെ തീയതിയും, സമയവും അജണ്ടയും അറിയിച്ചുകൊണ്ടുള്ള നോട്ടീസ് യോഗ തീയതിക്ക് ഏഴ് ദിവസമെങ്കിലും മുമ്പ് മാനേജിംഗ് കമ്മിറ്റിയിലെ അംഗങ്ങൾക്കും സ്ഥിരം ക്ഷണിതാക്കൾക്കും മെമ്പർ-സെക്രട്ടറി നൽകേണ്ടതും അതിന്റെ പകർപ്പ് പഞ്ചായത്തിന്റെയും, പൊതുജനാരോഗ്യസ്ഥാപനത്തിന്റെയും നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്:

എന്നാൽ ഏതെങ്കിലും കാര്യത്തിൽ മാനേജിംഗ് കമ്മിറ്റിയുടെ അടിയന്തിര തീരുമാനം അനിവാര്യമാകുന്ന ഘട്ടങ്ങളിൽ ഇരുപത്തിനാല് മണിക്കൂറിൽ കുറയാത്ത സമയത്തെ നോട്ടീസ് നൽകി മാനേജിംഗ് കമ്മിറ്റിയുടെ പ്രത്യേക യോഗം വിളിച്ചുകൂട്ടാവുന്നതാണ്.

(3) മാനേജിംഗ് കമ്മിറ്റി യോഗത്തിന്റെ അജണ്ട ചെയർപേഴ്സണുമായി ആലോചിച്ച് മെമ്പർ-സെക്രട്ടറി തയ്യാറാക്കേണ്ടതാണ്.

(4) മാനേജിംഗ് കമ്മിറ്റി യോഗത്തിന്റെ കോറം ആകെ അംഗസംഖ്യയുടെ പകുതി (ഭിന്ന സംഖ്യയെങ്കിൽ തൊട്ടടുത്ത പൂർണ്ണ സംഖ്യ) ആയിരിക്കുന്നതാണ്.

(5) മാനേജിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ മാനേജിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സണോ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ വൈസ് ചെയർപേഴ്സണോ രണ്ടുപേരുടെയും അസാന്നിദ്ധ്യത്തിൽ യോഗത്തിൽ സന്നിഹിതരായിരിക്കുന്ന അംഗങ്ങൾ തദവസരത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിനായി ഭൂരിപക്ഷാഭിപ്രായ പ്രകാരം തെരഞ്ഞെടുക്കുന്ന ഒരംഗമോ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(6) യോഗത്തിന്റെ അജണ്ടയും യോഗനടപടി കുറിപ്പുകളും തീരുമാനങ്ങളും യോഗത്തിൽ സന്നിഹിതരായ അംഗങ്ങളുടെയും സ്ഥിരം ക്ഷണിതാക്കളുടെയും ഹാജരും രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതും രജിസ്റ്ററുകൾ മെമ്പർ സെക്രട്ടറി സൂക്ഷിച്ചു പോരേണ്ടതുമാണ്.

(7) മാനേജിംഗ് കമ്മിറ്റി യോഗത്തിന്റെ പരിഗണനയ്ക്ക് വരുന്ന എല്ലാ വിഷയങ്ങളിലും മെമ്പർ-സെക്രട്ടറി രേഖാമൂലം അഭിപ്രായം നൽകേണ്ടതും, യോഗത്തിൽ ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ട് പ്രകാരം തീരുമാനമെടുക്കേണ്ടതും വോട്ട് തുല്യമാകുന്ന എല്ലാ സംഗതികളിലും അദ്ധ്യക്ഷന് ഒരു കാസ്റ്റിംഗ് വോട്ടുകൂടി വിനിയോഗിക്കാവുന്നതും തീരുമാനങ്ങളുടെ പകർപ്പ് മെമ്പർ-സെക്രട്ടറി പഞ്ചായത്തിന് അയച്ചുകൊടുക്കേണ്ടതുമാണ്. ആവശ്യമായ സന്ദർഭങ്ങളിൽ യോഗതീരുമാനങ്ങളുടെ പകർപ്പുകൾ സർക്കാരിനും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർക്കും ബന്ധപ്പെട്ട മറ്റ് അധികാരസ്ഥാനങ്ങൾക്കും കൂടി മെമ്പർ-സെക്രട്ടറി അയച്ചുകൊടുക്കേണ്ടതാണ്.

(8) മാനേജിംഗ് കമ്മിറ്റിയുടെ യോഗതീരുമാനങ്ങൾ അതിന്റെ അധികാര പരിധിക്കും ചുമതലകൾക്കും വിധേയമായി മെമ്പർ-സെക്രട്ടറി നടപ്പാക്കേണ്ടതും അതിലേക്കായി സ്വീകരിച്ച നടപടികൾ മാനേജിംഗ് കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്:

എന്നാൽ പൊതുജനാരാഗ്യസ്ഥാപനത്തിന്റെ പൊതുവായ താൽപ്പര്യങ്ങൾക്കും സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിരുദ്ധമാണെന്ന് മെമ്പർ-സെക്രട്ടറി കരുതുന്ന കാര്യങ്ങൾ നടപ്പാക്കുന്നതിന് മുമ്പ് പഞ്ചായത്തിന്റെയും, ജില്ലാ മെഡിക്കൽ ആഫീസറുടെയും, ആവശ്യമെങ്കിൽ സർക്കാരിന്റെയും അനുമതി വാങ്ങേണ്ടതാണ്.

(9) ഒരു ഗ്രാമ പഞ്ചായത്തിന്റെ ഭരണ നിയന്ത്രണത്തിലുള്ള ഒരു പൊതുജനാരോഗ്യസ്ഥാപനത്തിന് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റിയുടെ യോഗത്തിലെടുത്ത ഏതൊരു തീരുമാനവും പ്രസ്തുത യോഗത്തിനുശേഷം ആദ്യമായി ചേരുന്ന ഗ്രാമസഭാ യോഗത്തിൽ വായിക്കേണ്ടതും അതിനായി യോഗതീരുമാനത്തിന്റെ പകർപ്പുകൾ പഞ്ചായത്ത് സെക്രട്ടറി ഗ്രാമസഭാ കൺവീനർമാർക്ക് നൽകേണ്ടതുമാണ്.

6. ആശുപത്രി വികസന ഫണ്ട് രൂപീകരിക്കൽ.—(1) പൊതുജനാരോഗ്യസ്ഥാപനത്തിലെ ഭൗതിക സൗകര്യങ്ങളും ചികിത്സാ സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിനും, നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും നടത്തുന്നതിനും, യന്ത്രസാമഗ്രികൾ, ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ, മറ്റ് സാധന സാമഗ്രികൾ എന്നിവ വാങ്ങുന്നതിനും, ശുചീകരണ പ്രവർത്തനങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, ശുദ്ധജല വിതരണം, വൈദ്യുതി വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിനും, രോഗനിർണ്ണയ-ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും, സർവ്വോപരി പൊതുജനാരോഗ്യസ്ഥാപനത്തിന്റെ വികസനത്തിനും വേണ്ടി മാനേജിംഗ് കമ്മിറ്റി "ആശുപത്രി വികസന ഫണ്ട്" എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കേണ്ടതാണ്.

(2) ആശുപത്രി വികസന ഫണ്ടിൽ താഴെപ്പറയുന്ന വരവിനങ്ങൾ ഉൾപ്പെടുത്താവുന്നതാണ്, അതായത്:—

(i) പഞ്ചായത്ത് ലഭ്യമാക്കുന്നതും പഞ്ചായത്ത് മുഖേന ലഭ്യമാകുന്നതുമായ ഫണ്ടുകൾ;

(ii) കേന്ദ്ര-സംസ്ഥാന സർക്കാരുകളും ഏജൻസികളും ലഭ്യമാക്കുന്ന ഫണ്ടുകൾ;

(iii) പൊതുജനാരോഗ്യസ്ഥാപനം നൽകുന്ന സേവനങ്ങൾക്കും, ഏർപ്പെടുത്തുന്ന സൗകര്യങ്ങൾക്കും, സർക്കാർ അനുവദിക്കുന്ന നിരക്കിൽ, ഈടാക്കാവുന്ന ഫീസുകളും ചാർജുകളും;

(iv) പൊതുജനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ;

(v) 4-ാം ചട്ടം (2)-ാം ഉപചട്ടം (x)-ാം ഖണ്ഡ പ്രകാരം നടത്തുന്ന സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫീസുകളും മറ്റ് വരുമാനവും;

(vi) മറ്റ് പലവക വരുമാനങ്ങൾ.

(3) മാനേജിംഗ് കമ്മിറ്റിയുടെ മെമ്പർ-സെക്രട്ടറി ആശുപത്രി വികസന ഫണ്ടിന്റെ സൂക്ഷിപ്പുകാരൻ ആയിരിക്കുന്നതും അദ്ദേഹം ഫണ്ടിന്റെ വരവ് ചെലവ് കണക്കുകളും അതു സംബന്ധിച്ച രജിസ്റ്ററുകളും, രസീതുകളും, ബില്ലുകളും, വൗച്ചറുകളും സൂക്ഷിച്ചുപോരേണ്ടതുമാണ്.

(4) ആശുപത്രി വികസന ഫണ്ടിലേക്ക് ലഭിക്കുന്ന ഏതൊരു സംഭാവനയ്ക്കും മെമ്പർ-സെക്രട്ടറി രസീത് നൽകേണ്ടതും അതു അച്ചടിച്ച നമ്പരിട്ട ഫാറത്തിലും കാർബൺ പകർപ്പോട് കൂടിയതുമായിരിക്കേണ്ടതുമാണ്.

(5) ആശുപത്രി വികസന ഫണ്ടിന്റെ സൂക്ഷിപ്പിനും വിനിയോഗത്തിനുമായി പൊതുജനാരോഗ്യസ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തോ, അതിനടുത്തോ ഉള്ള ഒരു ദേശസാൽകൃത ബാങ്കിൽ മാനേജിംഗ് കമ്മിറ്റി ചെയർപേഴ്സന്റെയും മെമ്പർ-സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതും പ്രസ്തുത

അക്കൗണ്ടിൽ തുക നിക്ഷേപിക്കേണ്ടതും തുക പിൻവലിക്കുന്നത് ചെയർപേഴ്സണും മെമ്പർ-സെക്രട്ടറിയും ഒപ്പിട്ട ചെക്ക് മുഖേനയായിരിക്കേണ്ടതുമാണ്.

7. ആശുപത്രി വികസന ഫണ്ടിന്റെ വിനിയോഗം.—(1) 6-ാം ചട്ടം (1)-ാം ഉപ ചട്ടത്തിൽ പറയുന്ന ആവശ്യങ്ങൾക്ക്, മാനേജിംഗ് കമ്മിറ്റി തീരുമാനിക്കുന്ന പ്രകാരം ആശുപത്രി വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

എന്നാൽ ഓരോ തലത്തിലുമുള്ള പൊതുജനാരോഗ്യസ്ഥാപനത്തിന് അനുവദനീയ മല്ലെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനോ ചെലവുകൾ ചെയ്യുന്നതിനോ ആശുപത്രി വികസന ഫണ്ട് വിനിയോഗിക്കുവാൻ പാടുള്ളതല്ല.

(2) അടിയന്തിര പ്രാധാന്യമുള്ള ആവശ്യങ്ങളുടെ സംഗതിയിൽ മാനേജിംഗ് കമ്മിറ്റിയുടെ അനുവാദം മുൻകൂറായി വാങ്ങാൻ കഴിയാതെവരുന്ന സാഹചര്യത്തിൽ ചെയർപേഴ്സന്റെ അനുവാദത്തോടെ മെമ്പർ-സെക്രട്ടറിക്ക് ചെലവ് ചെയ്യാവുന്നതും അതിന് തൊട്ടടുത്ത് ചേരുന്ന മാനേജിംഗ് കമ്മിറ്റിയുടെ യോഗത്തിൽ കണക്ക് സമർപ്പിച്ച് സാധൂകരണം വാങ്ങേണ്ടതുമാണ്.

8. ജീവനക്കാരെ നിയോഗിക്കൽ.—(1) മാനേജിംഗ് കമ്മിറ്റിക്ക് അതിൽ നിക്ഷിപ്തമായ ചുമതലകൾ ശരിയായ വിധത്തിൽ നിർവ്വഹിക്കുവാനും രോഗികൾക്കും, പൊതുജനങ്ങൾക്കും മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാനും, 6-ാം ചട്ടം (2)-ാം ഉപ ചട്ടത്തിൽ പരാമർശിക്കുന്ന (i)-ം (ii)-ം ഒഴിച്ചുള്ള ഇനങ്ങളിലെ വരുമാനത്തിന്റെ ലഭ്യ തയ്ക്കും സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും പഞ്ചായത്തിന്റെ മുൻകൂർ അനു മതിക്കും വിധേയമായി, പൊതുജനാരോഗ്യ സ്ഥാപനത്തിൽ കരാർ അടിസ്ഥാനത്തിൽ, ജീവനക്കാരെ താൽക്കാലികമായി നിയോഗിക്കാവുന്നതാണ്:

എന്നാൽ, ഈ ഇനത്തിലുള്ള വാർഷികച്ചെലവ്, ഇതിനായി 6-ാം ചട്ടം (2)-ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന (i)-ം (ii)-ം ഒഴിച്ചുള്ള ഇനങ്ങളിലെ വാർഷിക വരുമാന ത്തിന്റെ അമ്പത് ശതമാനത്തിൽ കവിയാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, മാനേജിംഗ് കമ്മിറ്റിയിലെയോ പഞ്ചായത്തിലെയോ ഒരംഗത്തെയോ അംഗത്തിന്റെ കുടുംബത്തിലെ ഏതെങ്കിലും വ്യക്തിയെയോ ഈ ചട്ടത്തിൻ കീഴിൽ പൊതുജനാരോഗ്യ സ്ഥാപനത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലിക്ക് നിയോഗിക്കു വാൻ പാടുള്ളതല്ല.

കുറിപ്പ്:—ഈ ചട്ടത്തിന്റെ ആവശ്യത്തിന്, കുടുംബം എന്നതിൽ ഒരാളുടെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, മകൻ, മകൾ, സഹോദരൻ, സഹോദരി എന്നിവരും അവരുടെ മക്കളും, പിതാവ്, മാതാവ് എന്നിവരും ഉൾപ്പെടുന്നതാണ്.

(2) കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കുന്നത് സുതാര്യമായ രീതിയിലും ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചുകൊണ്ടും മാനേജിംഗ് കമ്മിറ്റി ഏർപ്പെടുത്തുന്ന ഒരു സെലക്ഷൻ കമ്മിറ്റി അപേക്ഷകരുടെ യോഗ്യതാനിർണ്ണയം നടത്തിയതിനുശേഷവും തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ ലിസ്റ്റിന് പഞ്ചായത്തിന്റെ അംഗീകാരം വാങ്ങിയതിനുശേഷവുമായിരിക്കേണ്ടതാണ്.

(3) താല്ക്കാലികമായി ജോലിക്ക് നിയോഗിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവർക്ക് സർവ്വീസിൽ സ്ഥിരനിയമനത്തിന് യാതൊരു അർഹതയുമുണ്ടായിരിക്കുന്നതല്ല. ഇക്കാര്യം അവരെ നിയോഗിച്ചുകൊണ്ടുള്ള ഉത്തരവിലും, കരാറിലും വ്യക്തമാക്കിയിരി ക്കേണ്ടതുമാണ്.

9. ആശുപത്രി വികസനഫണ്ടിന്റെ ആഡിറ്റ്.—(1) ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ, ആവശ്യമെന്ന് കണ്ടാൽ അതിനിടയ്ക്കോ ആഡിറ്റ് ചെയ്യേണ്ടതും ആഡിറ്റ് റിപ്പോർട്ട് മെമ്പർ-സെക്രട്ടറിക്കും പഞ്ചായത്തിനും നൽകേണ്ടതുമാണ്.

(2) മെമ്പർ-സെക്രട്ടറിക്ക് ലഭിക്കുന്ന ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് മാനേജിംഗ് കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ ചർച്ചയ്ക്കും പരിഗണനയ്ക്കുമായി വയ്ക്കേണ്ടതാണ്. കൂടാതെ അതിൽ ക്രമക്കേടുകളോ പോരായ്മകളോ പരാമർശിച്ചിട്ടുണ്ടെങ്കിൽ അവ മെമ്പർ-സെക്രട്ടറി പരിഹരിക്കേണ്ടതും അത് സംബന്ധിച്ച് ഒരു റക്ടിഫിക്കേഷൻ റിപ്പോർട്ട് എത്രയും വേഗം മാനേജിംഗ് കമ്മിറ്റിക്കും, പഞ്ചായത്തിനും, ആഡിറ്റർക്കും നൽകേണ്ടതുമാണ്.

(3) ആശുപത്രി വികസന ഫണ്ട് സംബന്ധിച്ച് പഞ്ചായത്തിന് ലഭിക്കുന്ന ആഡിറ്റ് റിപ്പോർട്ട് പഞ്ചായത്ത് പരിഗണിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ മാനേജിംഗ് കമ്മിറ്റിക്കും അതിന്റെ മെമ്പർ-സെക്രട്ടറിക്കും നൽകേണ്ടതാണ്.

(4) (1)-ാം ഉപചട്ടത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പഞ്ചായത്ത്, ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ആഡിറ്റ് ചെയ്യിക്കേണ്ടതാണ്.

10. പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ പഞ്ചായത്തിനുള്ള നിയന്ത്രണാധികാരം.—(1) പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ ഭരണനിർവ്വഹണത്തെ സംബന്ധിച്ചും ആശുപത്രി വികസന ഫണ്ടിന്റെ വിനിയോഗത്തെ സംബന്ധിച്ചും സന്ദർഭം ആവശ്യപ്പെടുന്ന പക്ഷം, പഞ്ചായത്ത് അധികാരപ്പെടുത്തുന്ന ഒരു സബ്-കമ്മിറ്റിക്ക് ആവശ്യമായ അന്വേഷണവും പരിശോധനയും നടത്താവുന്നതും സബ്-കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന് മാനേജിംഗ് കമ്മിറ്റിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാവുന്നതുമാണ്.

(2) പഞ്ചായത്ത് അധികാരപ്പെടുത്തുന്ന സബ്-കമ്മിറ്റി നടത്തുന്ന അന്വേഷണവും പരിശോധനയുമായി മാനേജിംഗ് കമ്മിറ്റിയും മെമ്പർ-സെക്രട്ടറിയും സഹകരിക്കേണ്ടതും അതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതുമാണ്.

(3) പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ മാനേജിംഗ് കമ്മിറ്റിക്കും മെമ്പർ-സെക്രട്ടറിക്കും പഞ്ചായത്ത് നൽകുന്ന യുക്തിസഹമായ നിർദ്ദേശങ്ങൾ മാനേജിംഗ് കമ്മിറ്റിയും മെമ്പർ-സെക്രട്ടറിയും പാലിക്കേണ്ടതാണ്.

11. സാങ്കേതികവും ചികിത്സാപരവുമായ കാര്യങ്ങളിൽ ഇടപെടാതിരിക്കൽ.—(1) പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ മാനേജിംഗ് കമ്മിറ്റിക്കോ മെമ്പർ-സെക്രട്ടറി ഒഴികെയുള്ള അംഗങ്ങൾക്കോ, തികച്ചും സാങ്കേതികമോ, രോഗികളുടെ ചികിത്സയുമായി ബന്ധപ്പെട്ടതോ ആയ കാര്യങ്ങളിൽ ഇടപെടുവാനോ, രേഖകൾ പരിശോധിക്കുവാനോ, ആക്ഷെങ്കിലും നിർദ്ദേശങ്ങൾ നൽകുവാനോ അധികമുണ്ടായിരിക്കുന്നതല്ല.

(2) പൊതുജനാരോഗ്യ സ്ഥാപനത്തിലെ മെഡിക്കൽ ആഫീസർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ജോലി സംബന്ധമായി അനുവദിക്കപ്പെട്ടിട്ടുള്ള അവകാശങ്ങളിലും സ്വാതന്ത്ര്യത്തിലും മാനേജിംഗ് കമ്മിറ്റിയോ, മെമ്പർ-സെക്രട്ടറി ഒഴികെയുള്ള അംഗങ്ങളോ ഇടപെടാൻ പാടില്ലാത്തതും, തങ്ങളുടെ കൃത്യനിർവ്വഹണത്തിൽ ഉദ്യോഗസ്ഥരും ജീവനക്കാരും നടപടി ക്രമങ്ങളും സാങ്കേതിക മാനദണ്ഡങ്ങളും പാലിക്കേണ്ടതും അവരുടെ അറിവും അനുഭവ സമ്പത്തും സേവന കാര്യത്തിൽ പൂർണ്ണമായി പ്രയോഗിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എസ്. എം. വിജയാനന്ദ്,
*പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 173-എ വകുപ്പ് പ്രകാരം, പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട ഓരോ പൊതുജനാരോഗ്യസ്ഥാപനത്തിനും വേണ്ടി ചെയർമാനുൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി, നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. അതനുസരിച്ച് 2003 ആഗസ്റ്റ് 27-ാം തീയതിയിലെ സ. ഉ. (പി) നമ്പർ 259/2003/തസ്വഭവ (എസ്. ആർ. ഒ. നമ്പർ 837/2003) എന്ന വിജ്ഞാപന പ്രകാരം 2003-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു.

പൊതുജനാരോഗ്യസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റിയുടെ ഘടനയിൽ കാര്യമായ മാറ്റം വരുത്തുന്നതിനും കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും വിപുലീകരിക്കുന്നതിനും, കമ്മിറ്റി രൂപീകരിക്കുന്ന ഫണ്ടിന്റെ സ്രോതസ്സുകളും അതിന്റെ വിനിയോഗവും പുനർ നിർണ്ണയിക്കുന്നതിനും മേൽപ്പറഞ്ഞ കാര്യങ്ങളിൽ നടപടിക്രമങ്ങൾക്ക് കൂടുതൽ വ്യക്തത നൽകുന്നതിനുമായി, 2003-ലെ ചട്ടങ്ങൾ അതിലംഘിച്ചുകൊണ്ട് പുതിയ ചട്ടങ്ങൾ രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2010.